# കേരള സർവകലാശാല

നം. പി.ആർ.116/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം ഫലം

2018 ജനുവരിയിൽ നടന്ന ബി.കോം (ആന്വൽ സ്കീം) പാർട്ട്-3 (മേഴ്സി ചാൻസ്)പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദപ്രവേശനം

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും , യു. ഐ. റ്റി, ഐ. എച്ച് ആർ ഡി കേന്ദ്രങ്ങളിലും ഒന്നാംവർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2018 –19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) തുടരുന്നു.സർവ്വകലാശാലയുടെ കീഴിൽ ബിരുദപ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും എകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കമ്മ്യൂണിറ്റി, സ്പോർട്സ് ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ ഒരു പകർപ്പും, അനുബന്ധ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്കുകൾ, പാസ്സായ വർഷം, പാസ്സാകാൻ എടുത്ത അവസരങ്ങളുടെ എണ്ണം തുടങ്ങിയവയിലെ തിരുത്തലുകൾക്ക് സർവകലാശാല അവസരം നൽകുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.സി.എ ഫലം

2017 ഒക്ടോബറിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.സി.എ (2010 സ്കീം) സി.ബി.സി.എസ്.എസ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## റിസർച്ച് അസ്സോസിയേറ്റ് ഒഴിവ്

കേരള സർവകലാശാലയുടെ കംപ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോഇൻഫോർമാറ്റിക്സ് വകുപ്പിന് കീഴിൽ കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ പദ്ധതിയായ DBT-BIF പ്രോജക്ടിൽ റിസർച്ച് അസ്സോസിയേറ്റ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ ഒന്ന്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job notifications എന്ന ലിങ്കിൽ ലഭിക്കും.

## ബി.ആർക്ക് ഫലം

2017 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ &സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് ഫലം

2017 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ (2013 സ്കീം- സപ്ലിമെന്ററി& 2004 സ്കീം-മേഴ്സി ചാൻസ്) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. .പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
23.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098